**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1922** **15-03-2022 - ൽ മറുപടിയ്ക്ക്**

**വളർത്തുമൃഗങ്ങൾക്ക് അപൂർവ്വ രോഗം-മുൻകരുതൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിന്‍ | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ എം.ജെ. ജോയിയുടെ മൂന്ന് കറവപ്പശുക്കളും മൂന്ന് കിടാങ്ങളും നാല് നായകളും അപൂർവ്വ രോഗം മൂലം ചത്തത് എന്ത് അസുഖം ബാധിച്ചാണെന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത രോഗം പകരാൻ സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ മൃഗസംരക്ഷണ വകുപ്പ് എന്തൊക്കെ മുൻകരുതൽ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ശ്രീ. എം. ജെ. ജോയ് കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലാണ് താമസിക്കുന്നത്. ടിയാന്റെ പശുക്കൾ ചത്തത് സംബന്ധിച്ച് കണ്ണൂർ ആർ. ഡി. ഡി. എൽ. ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ പരിശോധിച്ചതിൽ പശുക്കൾക്ക് തൈലേറിയാസിസ് എന്ന അസുഖമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. 2021 ഒക്ടോബർ മാസം മുതൽ തന്നെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ കണ്ടോന്താർ വെറ്ററിനറി ഡിസ്പെൻസറി വെറ്ററിനറി സർജൻ, ശ്രീ. ജോയിയുടെ പശുക്കൾക്ക് തൈലേറിയാസിസിന്റെ ചികിത്സ നടത്തി വരികയായിരുന്നു. എന്നാൽ പശുക്കൾക്ക് ആരോഗ്യക്കുറവ് ഉണ്ടായിരുന്നതിനാൽ ചികിത്സയോട് പ്രതികരിച്ചിട്ടില്ല. കൂടാതെ പശുക്കൾക്ക് പോഷകാഹാരക്കുറവും പച്ചപ്പുല്ലിന്റെ ലഭ്യതക്കുറവും ഉണ്ടായിരുന്നു. അതുപോലെ നായകൾക്ക് കനൈൻ ഡിസ്റ്റംബർ എന്ന വൈറസ് രോഗം മൂർദ്ധന്യാവസ്ഥയിൽ ആയതിനാലാണ് മരണം സംഭവിച്ചിട്ടുള്ളത്. തൈലേറിയാസിസ് രോഗം പശുക്കളിൽ നിന്ന് പശുക്കളിലേയ്ക്ക് പട്ടുണ്ണികൾ വഴിയും, കനൈൻ ഡിസ്റ്റംബർ രോഗം നായകളിൽ നിന്ന് നായകളിലേയ്ക്കും മാത്രമേ പകരുകയുള്ളൂ. അസുഖം പകരാതിരിക്കാൻ ഉള്ള നടപടികൾ കണ്ടോന്താർ വെറ്ററിനറി ഡിസ്പെൻസറിയിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പശുക്കൾ നഷ്ടമായ ഈ കർഷകന് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മരണപ്പെട്ട മൂന്ന് പശുക്കൾക്കും ഇൻഷ്വറൻസ് ഉള്ളതിനാൽ ഇൻഷ്വറൻസ് തുക ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ആയതിൽ ഒരു പശുവിന് ഇൻഷ്വറൻസ് തുക ലഭിയ്ക്കുകയും ചെയ്തു. |
| (സി) | ചെറുതാഴം ഗ്രാമപഞ്ചായത്തിലെ നരീക്കാംപള്ളി മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ചെറുതാഴം പഞ്ചായത്തിലെ നരീക്കാംവള്ളി മൃഗാശുപത്രിയിൽ താത്കാലികമായി എംപ്ലോയ്മെന്റ് വഴി വെറ്ററിനറി സർജനെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ